Wednesday, *the* 31st July 1946 / 15th Karkadagam 1121

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir GEORGE BOAG, K.C.I.E., C.S.I.) in the Chair.

Mrs. Dhakshayani Velayudhan and Mr. C. N. Ittiravi Nambudiri were absent.

QUESTIONS AND ANSWERS

ANCHAL OFFICE PEON—KUNNAMKULAM

26. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപറി പറയുമോ.—

(എ) കന്നംകുളം അഞ്ചലാപ്പീസ്സിലെ ശിപായി കെ. സി. കോരിയെ എന്നാണ് ഉദ്യോഗത്തിൽ നിയമിച്ചത്;

(ബി) ടിയാനെ എന്നു സ്ഥിരപ്പെടുത്തി;

(സി) ടിയാനു് എത്രകൊല്ലത്തെ സർവ്വീസുണ്ടു്;

(ഡി) ൧൯൪൬ മകരം ൩-ാംനു- മുതൽ ടിയാൻ അവകാശാവധി എടുക്കുകയുണ്ടായോ; ഉണ്ടായെങ്കിൽ എത്രമാസത്തെ;

(ഇ) അവകാശാവധിയെത്തുടർന്നു ടിയാനു് ശമ്പളമില്ലാത്ത അവധി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകാലത്തെ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ൧൯൪൦ മിഥുനമാസം ൨൮-ാംനു-.

(ബി) ൧൯൪൩ കുംഭമാസം ൨൩-ാംനു-.

(സി) ൧൯൪൬ മിഥുനം ൧ ൪-ാംനു-ക്കു ആകെ സർവ്വീസ് ൫ കൊല്ലം ൧൧ മാസം൧൯ ദിവസം.

(ഡി) ഉണ്ടു്. ഒരു മാസം.

(ഇ) ഉണ്ടു്. ഒരു മാസം.

മിസ്റ്റർ കെ കൊച്ചുകുട്ടൻ: ഈ ൫ കൊല്ലക്കാലത്തിനകമായി അയാൾ അവകാശാവധി ഒരു മാസത്തിൽ കൂടുതൽ എടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ ൫ കൊല്ലത്തിനകത്തു ൧൯൪൭, ൧൯൪൬, ൧൯൪൯, ൧൯൪൦, ൧൯൪൨, ഈ ൫ കൊല്ലത്തിനകത്തു് നാലു പ്രാവശ്യം അവകാശാവധി എടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ നാലു തവണകളിലായി എത്ര ദിവസത്തെ അവധിയാണ് എടുത്തിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അവകാശാവധിയുണ്ടായിരിക്കെ ആണൊ ശമ്പളമില്ലാത്ത ഒരു മാസത്തെ അവധി കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെയല്ല. ആദ്യം അയാൾ ഒരുമാസത്തെ അവധിക്കു പോയി. അതു കഴിയാറായപ്പോൾ രണ്ടാമതും ഒരുമാസത്തെ അവധിക്കു അപേക്ഷിച്ചു. അതു അനുവദിക്കുവാൻ നിവൃത്തിയില്ല, ഉടനെ ജോലിയിൽ വന്നു ഹാജരാകണം എന്നു് അയാളോടു ആവശ്യപ്പെട്ടു. അയാൾ ജോലിക്കു വന്നില്ല. ഒരുമാസം അവധിയില്ലാത്തെ ജോലിക്കു ഹാജരാകാതെയിരുന്നു. നിയമപ്രകാരമാണെങ്കിൽ അയാളെ ജോലിയിൽ നിന്നു കളയേണ്ടതായിരുന്നു. അതു ചെയ്തില്ല. പക്ഷെ അതു ശമ്പളമില്ലാത്ത അവധിയായി കണക്കാക്കുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഒരുമാസം കഴിഞ്ഞപ്പോൾ അയാൾ രണ്ടാമതും അവധിക്ക അപേക്ഷിച്ചിരുന്നില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അപേക്ഷിച്ചു. പക്ഷെ ലീവു അനുവദിച്ചില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവകാശാവധി എടുത്താൽ മുഴുവൻ ശമ്പളവും കൊടുക്കുമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മുഴുവൻ ശമ്പളവും കൊടുക്കും.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഫ ഫ ഫ ന്ു-ന ശേഷം സ്ഥിരപ്പെടുത്തീട്ടുള്ളവക്ക മുഴുവൻ ശമ്പളവും കൊടുക്കുമോ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: ഫ ഫ ഫ ന്ു-ന ശേഷം സ്ഥിരപ്പെടുത്തീട്ടുള്ളവരെ സംബന്ധിച്ചിടത്തോളം പുതിയ റൂൾസ് ഉണ്ടാക്കുന്നുണ്ട്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇതേ സമയത്തു ഒരു ക്ലാർക്കിനെ സ്ഥിരപ്പെടുത്തിട്ടുണ്ടെങ്കിൽ അയാൾക്ക മുഴുവൻ ശമ്പളവും കൊടുക്കാറുണ്ടോ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: ഫ ഫ ഫ ന്ു-നശേഷം സ്ഥിരപ്പെടുത്തീട്ടുള്ള ജൻ ഫീരിയർ സർവ്വീസിലും സുപ്പീരിയർ സർവ്വീസിലും പെട്ടവരെ സംബന്ധിച്ചിടത്തോളം ലീവിനെസംബന്ധിച്ചുള്ള റൂൾസ് ഉണ്ടാക്കുന്നുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: അവകാശാവധിയുള്ളപ്പോൾ ശമ്പളമുള്ള അവധി കൊടുക്കാതിരിക്കാൻ കാരണമെന്താണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവധിയില്ലാതെ ജോലിക്കു വരാതിരുന്നതിനു് അയാളെ ജോലിൽനിന്നു് പിരിക്കുകയായിരുന്നു വേണ്ടതു്. പക്ഷെ ഗവൺമെണ്ടു ദയവുചെയ്തു അതു ശമ്പളമില്ലാത്ത അവധിയാക്കി കൊടുത്തു.

മിസ്റ്റർ പി. നാരായണമേനോൻ: ഒരുമാസത്തെ അവകാശാവധി അനുവദിച്ചപ്പോൾ പകരം ആളെ വെച്ചിരുന്നില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

മിസ്റ്റർ പി. നാരായണമേനോൻ: ആ ആളെതന്നെ പിന്നീടും അവധിയെടുത്തപ്പോൾ വെക്കാമായിരുന്നില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആ ആളെ വേറെ സ്ഥലത്തേക്കു മാറേണ്ടിവന്നു.

മിസ്റ്റർ പി. നാരായണമേനോൻ: എന്തുകൊണ്ടാണു് പകരത്തിനു ആളെ കിട്ടാതെ വന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉടനെ ആളുകളെ കിട്ടുകയില്ല. കുറച്ചു താമസം വേണ്ടിവരും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആളില്ലാഞ്ഞതുകൊണ്ടാണോ ഒരുമാസത്തെ അവകാശാവധി ശമ്പളമില്ലാതെ അനുവദിച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവധിക്കു അപേക്ഷിച്ചപ്പോൾ അവധി അനുവദിക്കുവാൻ തരമില്ലെന്നും ഉടനെ ജോലിക്കു ഹാജരാകണമെന്നും പറഞ്ഞു. അതിനെ ധിക്കരിച്ചുകൊണ്ടു ഒരുമാസം അയാൾ ജോലിക്കു വന്നില്ല. അതുകൊണ്ടു അതു ശമ്പളമില്ലാത്ത അവധിയായി അനുവദിച്ചു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അയാൾക്കു അവകാശാവധി കൊടുക്കുവാൻ നിവൃത്തിയില്ലെന്നുള്ള വിവരം ആദ്യമേ അയാളെ അറിയിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അയാൾക്കു നോട്ടീസ്സു കൊടുത്തിട്ടുണ്ടായിരുന്നു.

മിസ്റ്റർ പി നാരായണമേനോൻ: സാധാരണയായി അവധി എടുക്കുമ്പോൾ വെച്ചു ആളെ തന്നെ പിടിച്ചു വെക്കുകയാണോ പതിവു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ ചോദ്യത്തിനു് മറുപടി പറയുവാൻ പ്രയാസമാണു്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ ഒരാളെ പിടിച്ചുവെക്കുവാൻ പ്രയാസമാണെന്നു് പറഞ്ഞു. പക്ഷേ.....

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇൻഫർമേഷൻ ചോദിച്ചപ്പോൾ അതിനു മറുപടി പറഞ്ഞതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: ഒരു മാസത്തെ അവധിക്ക പകരം വെക്കുവാൻ ആളെ കിട്ടി. പിന്നീട ഒരു മാസത്തെ അവധിക്ക പകരം ആളെ കിട്ടാത്തതുകൊണ്ടാണ് അയാൾക്ക ശമ്പളമില്ലാതെ അവധി കൊടുത്തത് എന്നു പറഞ്ഞു. ഈ കൊച്ചി രാജ്യത്തു ഈ ഒരാൾമാത്രമേ ജോലിക്കുള്ള എന്നു വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആദ്യം പകരം വെച്ച ആളെ വേറെ ജോലിക്ക അയക്കേണ്ടി വന്നു. അവകാശാവധി തരുവാൻ നിവൃത്തിയില്ല, ഉടനെ ജോലിയിൽ ചേരണമെന്നു അയാളോട ആവശ്യപ്പെട്ടു. അതു ചെയ്യാത്തതിന്നു ചെറിയൊരു ശിക്ഷയായിട്ടാണ് ശമ്പളമില്ലാതെ അവധി കൊടുത്തത്. കൊച്ചിരാജ്യത്തു വേറെ ആളെ കിട്ടാഞ്ഞിട്ടല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആളെ കിട്ടുന്നതിനെ ആശ്രയിച്ചാണോ ലീവു കൊടുക്കുന്നത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ശരിയായ ഒരു പന്ഥാവ് അനുസരിച്ച് എവിടെ നിന്നാണ് സാധാരണ പകരക്കാരെ ഇറക്കുമതി ചെയ്യുന്നത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആവശ്യപ്പെടുന്ന സമയത്തു ഉടനെ ആളെ കിട്ടുണമെങ്കിൽ ശേഖരിച്ചു വെച്ചിരിക്കണം. അല്ലെങ്കിൽ ആളെ കിട്ടുന്നതിനു കുറച്ചു താമസം നേരിടും

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ശരിയായിട്ടുള്ള വഴിക്കാണെങ്കിൽ എവിടെനിന്നു കൊണ്ടുവരണം?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു പരസ്യം ചെയ്ത ആളെ വരുത്തണം.

മിസ്റ്റർ പി. മാണി: അവധി ശമ്പളമില്ലാത്ത തരത്തിലാക്കിയപ്പോൾ ആളെ കിട്ടിയൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെയുള്ള ആളെകൊണ്ടുതന്നെ മാനേജ് ചെയ്തു.

മിസ്റ്റർ പി. മാണി: ശമ്പളമില്ലാതാക്കിയപ്പോൾ മാനേജ് ചെയ്യുവാൻ ആളുണ്ടായോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അയാൾ ഹാജരാകുതിരുന്നതിനു ഒരു ശിക്ഷയായിട്ടാണ് അവധി ശമ്പളമില്ലാതാക്കിയത്.

മിസ്റ്റർ പി. നാരായണമേനോൻ: അവകാശാവധി കൊടുത്തിരുന്നതു ആളെ കിട്ടാഞ്ഞിട്ടല്ലല്ലോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലിക്കു ഹാജരാകണമെന്നു പറഞ്ഞിട്ടു ഹാജരാകാതിരുന്നതുകൊണ്ടാണു അവധി ശമ്പളമില്ലാതാക്കിയതു.

മിസ്റ്റർ പി. നാരായണമേനോൻ: അവകാശാവധി കൊടുക്കാത്തതു പകരംനോക്കാൻ ആളെ കിട്ടാത്തതുകൊണ്ടൊ മറവല്ല കാരണങ്ങളും കൊണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പകരത്തിനു ആളുണ്ടായിരുന്നില്ല. അതാണ് കാരണം.

മിസ്റ്റർ പി. കെ. പോൾ: അവധിയില്ലാതെ ജോലിക്കു ഹാജരാകാതിരുന്ന ആളെ എന്തുകൊണ്ടു നിയമപ്രകാരം ശിക്ഷിച്ചില്ല?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉടനെതന്നെ ജോലിയിൽനിന്നു പിരിക്കാമായിരുന്നു. പക്ഷെ ശമ്പളമില്ലാത്ത അവധിയാക്കി ഒരു ശിക്ഷകൊടുത്തു.

മിസ്റ്റർ ജോസ് കെ. വർഗീസ്സ്: ഗവണ്മെണ്ടു സർവൻറ്സ് അവരവരുടെ ഇഷ്ടപ്രകാരം അവധിയെടുത്തുപോയാൽ എന്താണു ചെയ്യുക?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ ഇഷ്ടപ്രകാരം അവധിയെടുക്കുവാൻ പാടില്ല.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ്: കൊച്ചിൻഗവണ്മെണ്ടു സർവ്വീസ്സ് റൂൾസിൽ അധികൃതരുടെ കാര്യത്തിൽ അവധിയെ സംബന്ധിച്ചു വല്ല പ്രത്യേക നിയമങ്ങളുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രത്യേക നിയമങ്ങളൊന്നുമില്ല. പക്ഷെ അധികൃതനായതുകൊണ്ടു മാത്രം ഇങ്ങിനെ ഒരു വലിയ ശിക്ഷ മതിയെന്നു ഗവണ്മെണ്ടു തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : അവകാശാവധിക്കു പോകുന്ന ആൾ അതുകഴിയുമ്പോൾ ശമ്പളമില്ലാത്ത അവധിക്കു അപ്ലൈ ചെയ്യാറില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഉണ്ട്.

മിസ്റ്റർ പി. കെ. ഡിവർ : അധഃകൃതരല്ലാത്ത വേറെ ആരെക്കിലും അവകാശാവധി ഇതുപോലെ ഇതിനുമുമ്പ് ശമ്പളമില്ലാതാക്കീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അധകൃതനായതുകൊണ്ട് അയാളെ ജോലിയിൽ നിന്നു പിരിച്ചുവിട്ടില്ല.

മിസ്റ്റർ പി. കെ. ഡിവർ : അധഃകൃതരല്ലാത്തവർക്കും ഇതുപോലെ അനുഭവപ്പെട്ടിട്ടുണ്ടോ?

റാവുസാഹിബ് പി. വി. റാഫേൽ : പലരേയും പണിയിൽനിന്നു പിരിച്ചുകളഞ്ഞിട്ടുണ്ട്. As the Hon'ble Minister explained in cases of over-stay on leave without the extension of leave being applied for or sanctioned the proper punishment is removal from service. Of course this is not always done. In certain cases it is done and in other cases we commute the period into leave without pay.

മിസ്റ്റർ പി. നാരായണമേനോൻ : ശമ്പളമില്ലാത്ത അവധി അയാൾ അപേക്ഷിച്ചിട്ടുകൊടുത്തതൊ ഗവൺമെണ്ടു ദയവായിട്ടു കൊടുത്തതൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഹാജരാകുവാൻ നൊട്ടീസ്സു കൊടുത്തിട്ടു ഹാജരാകാത്തതുകൊണ്ടു ശമ്പളമില്ലാത്ത അവധി ഗവൺമെണ്ടു ദയവായിട്ടു കൊടുത്തതാണ്.

Mr. P. K. Dewer *(Nominated)*: So this is not a solitary case?

Rao Sahib P. V. Raphael *(Comptroller of Finance and Accounts)*: No. This is not a solitary case.

PALARIVATTAM—SUB-ANCHAL OFFICE

27. ചെയ്ധരി ജി. എസ്സ്. ധാരാസിംഗ് : ബഹുമാനപ്പെട്ട ഗവൺമെണ്ടു് താഴെ പറയുന്ന ചോദ്യങ്ങൾക്കു് ദയവായി മറുപടി പറയുമോ.—

(എ) പാലാരിവട്ടത്തു് ഒരു സബ് അഞ്ചലാപ്പീസ്സ് സ്ഥാപിച്ചു കിട്ടണമെന്നു പറഞ്ഞു വല്ല അപേക്ഷകളോ മറ്റൊ ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെണ്ടു എന്തുചെയ്തു?

മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ) പാലാരിവട്ടം സർക്കാർ ഗ്രാമീണ വായനശാലയുടെ ഒരു പൊതുയോഗത്തിൽ വെച്ചു പാസ്സാക്കിയ ഒരു പ്രമേയം കിട്ടിയിട്ടുണ്ടു്.

(ബി) അന്വേഷണത്തിൽ, പുന്നുരുന്നിയിൽ ഒരു അഞ്ചലാപ്പീസ്സ് സ്ഥാപിച്ചാലാണു് കൂടുതൽ പ്രയോജനമുണ്ടാകുക എന്നു അറിവായതിനാൽ അവിടെ ഒരു ബ്രാഞ്ചു് അഞ്ചലാപ്പീസ്സ് സ്ഥാപിക്കുവാൻ ആലോചിച്ചുവരുന്നുണ്ടു്.

AYURVEDIC DISPENSARY—CHENNAMANGALAM

28. മിസ്റ്റർ എം. കെ. വള്ളീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

ചേന്ദമംഗലത്തു് അടുത്ത കൊല്ലത്തിൽ ആയുർവ്വേദഡിസ്പെൻസറി ആരംഭിക്കുന്നുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : തീർച്ചയാക്കിട്ടില്ല.

മിസ്റ്റർ എം. കെ. വള്ളീസ്സ് : ചേന്ദമംഗലത്തു ഒരു ഡിസ്പെൻസറി ആവശ്യമുണ്ടെന്നു ഗവൺമെണ്ടിനു ബോദ്ധ്യമുണ്ടൊ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ആവശ്യമാണെന്നാണു് ഗവൺമെണ്ടിന്റെ ധാരണ.

മിസ്റ്റർ എം. കെ. വള്ളീസ്സ് : അത്യാവശ്യമാണെന്നു തോന്നുന്നുണ്ടോ ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : പ്രത്യേകം അത്യാവശ്യമാണെന്നു തോന്നുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly